**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**07-06-2021**

## കാർഷിക വാർത്തകൾ

### 1. സുഭിക്ഷം സുരക്ഷിതം ഭാരതീയ പ്രകൃതികൃഷി പദ്ധതി

കാർഷിക പരിസ്ഥിതി അധിഷ്ഠിത ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് കൃഷി വകുപ്പ് സുഭിക്ഷം സുരക്ഷിതം ഭാരതീയ പ്രകൃതികൃഷി പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നു. ജൈവകൃഷി മുറകൾകൊപ്പം ജനിതക വിഭവസംരക്ഷണം, നാട്ടറിവ് പ്രയോഗം തുടങ്ങിയവയും കൃഷിയിടത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും കേരള ഓർഗാനിക് പ്രോഡക്റ്റ് ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്നതിനും സഹായം നൽകും. ജൈവകൃഷി മുറകൾ അനുവർത്തിക്കാൻ താല്പര്യമുള്ള കർഷകർക്ക് പദ്ധതിയിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

### 2. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. (https://youtu.be/PwW6_hDvriY ) എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

### 3. ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും,വനിതാഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കുംകൃഷിഭവൻ

മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളുംനൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

### 4. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ളകർഷകരിൽനിന്നുംക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തലക്ഷീരവികസന യൂണിറ്റ് ഓഫീസിലോ സമീപത്തെ ക്ഷീരസഹകരണസംഘത്തിലോ ജൂൺ മാസം ഇരുപത്തിഒന്നാം തീയതിയ്ക്കുമുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

### 5. അനിമൽ ഹെൽത്ത് ക്യാമ്പുകൾ

മഴക്കെടുതി, വെള്ളപ്പൊക്കം മുതലായ പ്രകൃതി ദുരന്തങ്ങളുടെയും കോവിഡിന്റെ രണ്ടാം തരംഗത്തിന്റെയും പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിടുന്ന കർഷകരുടെ ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് അനിമൽ ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ സൌജന്യ നിരക്കിൽ കാലിതീറ്റ, ധാതുലവണ മിശ്രിതം, പുല്ല്, വയ്ക്കോൽ, മറ്റ് അത്യാവശ്യ മരുന്നുകൾ എന്നിവ നൽകുന്നു. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ ക്ഷീരകർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു.

### ഓൺലൈൻപരിശീലനങ്ങൾ

1. **ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തി**ൽ വച്ച് ഇന്ന് (07.06.2021) രാവിലെ 10.30 മുതൽ ക്ഷീരകർഷകർക്ക് വേണ്ടി തീറ്റപ്പുൽകൃഷിയെ സംബന്ധിച്ച് ഗൂഗിൾമീറ്റ് മുഖേന പരിശീലനപരിപാടി നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള കർഷകർ ഈ മാസം ഏഴിന് രാവിലെ 10.30 ന് ഗൂഗിൾ മീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന നമ്പരിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്ര**ത്തിൽ വച്ച് ഇന്നും നാളെയുമായി ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ **0471-2732918, 9188522701** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

3. **ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ** ഇന്ന് (07.06.2021) രാവിലെ 11 മണിക്ക് 'കന്നുകാലികളിലെ കുളമ്പ് രോഗം-കാര്യവും കാരണവും' എന്ന വിഷയത്തിൽ ത്രിശ്ശൂർ മണ്ണുത്തി വെറ്ററിനറി ആന്റ് അനിമൽ സയൻസ് കോളേജ് അസോസിയേറ്റ് ഡീൻ ഡോ. പി.വി. ട്രെസ്സാമോളുടെ ഫെയ്സ്ബുക്ക് ലൈവ് ഉണ്ടായിരിക്കുന്നതാണ്. എറണാകുളം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫെയ്സ് ബുക്ക് പേജിൽ പ്രഭാഷണം തത്സമയം വീക്ഷിക്കാവുന്നതാണ്.

4. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംക്ഷണമേഖലയിലെ വർഷകാല** മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഈ മാസം ഇന്ന് വൈകിട്ട് 5.00 മണിക്ക് 'കിടാങ്ങളുടെ മഴക്കാല പരിചരണം' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ കെ.എം. ശ്യാം മോഹന്റെ ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സീന റ്റി.എക്സ്-ന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. നാളെ (08-06-2021 ന്) 'സൂക്ഷ്മ ഇടത്തരം മാംസ സംസ്കരണ സംരംഭങ്ങൾ' എന്നതാണ് പ്രഭാഷണ വിഷയം. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് -9446625160 / 9895213500.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് മൂന്നുദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു.പരിശീലനം ഈ മാസം 09 മുതൽ 11 വരെ നടത്തും. പരിശീലനസമയം എല്ലാദിവസവും രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ആയിരിക്കും.പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

6. തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഇന്ന് (07.06.2020) രാവിലെ 11.30 മണിക്ക് 'ശാസ്ത്രീയ തെങ്ങുകൃഷി' എന്ന വിഷയത്തിൽ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ജ്യോതി റെയ്ച്ചൽ വർഗ്ഗീസ് ഓൺലൈൻ പരിശീലനം നൽകുന്നു. നാളെ (08.06.2021) ചക്കയും മൂല്യവർദ്ധിത ഉത്പന്നങ്ങളും എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. **മലമ്പുഴ ലൈവ്സ്റ്റോക്ക്മാനേജ്മെൻറ് പരിശീലനകേന്ദ്രത്തിൽ** നാളെ (08.06.2021) രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ 'മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ഓൺലൈൻട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. സൗജന്യമായി നൽകുന്ന ഈ ട്രെയിനിങ്ങിനെ കുറിച്ച് കൂടുതൽവിവരങ്ങൾക്ക് **9188522713** എന്ന വാട്സ്ആപ്പ് നമ്പരിൽ ബന്ധപ്പെടുക.

7. **നാളികേരകർഷകരുടെ ശ്രദ്ധയ്ക്ക്**

കാലവർഷത്തിനു മുന്നോടിയായുള്ള വേനൽമഴ ആവശ്യത്തിന് ലഭിക്കുകയും കാലവർഷം നേരത്തെ ആരംഭിക്കുകയും ചെയ്താൽ മഴയെ മാത്രം ആശ്രയിക്കുന്ന തോട്ടങ്ങളിലെ തെങ്ങുകൾക്ക് ശുപാർശ ചെയ്തിരിക്കുന്ന രാസവളത്തിന്റെ മൂന്നിലൊന്ന് മെയ് മാസം അവസാനത്തോടെ തടത്തിൽ ചേർത്ത്കൊടുക്കാവുന്നതാണ്. പക്ഷേ മഴ തുടർച്ചയായി ലഭിക്കുന്ന സാഹചര്യത്തിൽ മഴ കുറയുന്നത് വരെ തെങ്ങുകളിൽ വള പ്രയോഗം നടത്താൻ പാടില്ല .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- തെങ്ങുകളിൽ കുമ്പ് ചീയൽ രോഗം ബാധിക്കാൻ ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് നിലനിൽക്കുന്നത് .മഴ കുറഞ്ഞുടനെ തന്നെ ഇനി പറയുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്
- തെങ്ങുകളുടെ മണ്ട കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക.
- 1% വീര്യമുള്ള ബോർഡോ മിശ്രിതം നമ്പോലയിലും ചുറ്റുമുള്ള ഓലകളിലും തളിക്കുക
- സുഷിരങ്ങൾ ഇട്ട പോളിത്തീൻ പായ്ക്കുകളിൽ 5 ഗ്രാം മാൻകോസീബ്ബ് എന്ന കുമിൾനാശിനിനാമ്പോലക്ക് തൊട്ട് താഴെയുള്ള 2-3 ഓല കവിളുകളിൽ വയ്ക്കുക.
- അഥവാ രോഗബാധ ഉണ്ടെങ്കിൽ നാമ്പോലയുടെ അഴുകിയ ഭാഗം മൂർച്ചയുള്ള കത്തി കൊണ്ട് മുറിച്ചു മാറ്റി വൃത്തിയാക്കിയ ശേഷം അവിടെ 10% വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുക ഈ ഭാഗം . അടുത്ത പുതു നാമ്പ് ഉണ്ടാകുന്നത് വരെ പോളിത്തീൻ ഷീറ്റ് കൊണ്ട് പൊതിഞ്ഞു മഴവെള്ളം കയറാതെ സൂക്ഷിക്കണം.